# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1814 15/07/2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>" വി. പി. സജീന്ദ്രൻ<br>" ഐ.സി. ബാലകൃഷ്ണൻ<br>" അടൂർ പ്രകാശ് : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചത് ; വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കോർപ്പസ് ഫണ്ട്, എ.ടി.എസ്. പി, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) എസ്.സി.എ ടു ടി.എസ്.പി. എന്നീ പദ്ധതികൾ വഴിയും സ്വയം തൊഴിലിനും നൈപുണ്യവികസന ത്തിനുമായിുള്ള പ്രത്യേക ശീർഷകം വഴിയും കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് എന്നീ സർക്കാർ വകുപ്പുകൾ വഴിയും, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പുതിയ തൊഴിലുകളിൽ പരിശീലനം നല്കി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നു. സ്വയം തൊഴിൽ ലഭിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു) |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കുമോ ; | (ബി) | പട്ടികവർഗ്ഗക്കാരെ അവർക്ക് അറിയാവുന്ന ജോലികളിൽ നൈപുണ്യം വർദ്ധിപ്പിക്കുക, സ്ഥിരമായി ഒരു വരുമാനത്തിലൂടെ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക, ആശ്രിതരായി ജോലി ചെയ്ത് ജീവിക്കുന്നതിലുപരി അവരുടെ കഴിവുകളിൽ ആത്മ വിശ്വാസം സൃഷ്ടിക്കുക, മറ്റുള്ളവർക്ക് മാതൃകയാകുന്ന തോടൊപ്പം കോളനിയിലെ പുതിയ തലമുറയ്ക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ദിശാബോധവും ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. |

| | | | |
|---|---|---|---|
| **(സി)** | പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈകൊണ്ടത് ; വിശദമാക്കുമോ ? | **(സി)** | 'പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന ശീർഷകത്തിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കാനായി 2016-17 വർഷം 5 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വനിതകളുടെ നൈപുണ്യ വികസനത്തിനും തൊഴിൽ സംരംഭകത്വ ത്തിനുമായി 'ജെണ്ടർ ആക്ഷൻ പ്ലാൻ' എന്ന ശീർഷകത്തിൽ തുക വകയിരുത്തി, തുടർനടപടി സ്വീകരിച്ചു വരുന്നു. പുതിയ സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ ജില്ലകളിൽ നിന്നും കൂടാതെ മറ്റു വകുപ്പുകൾ പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിയ്ക്കുന്ന മുറയ്ക്ക് പട്ടികവർഗ്ഗക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ